ഇൻറേണല് വിജിലന് ഓഫീസര് - 3 ൻറെ നടപടിക്രമം

(ഹാജർ - **ശ്രീ അബ്ദുൾസമദ് പി.എം**)

വിഷയം - കാന്തല്ലൂര് ഗ്രാമ പഞ്ചായത്ത് - നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് ലഭിക്കാത്തത് സംബന്ധിച്ച്.

പരാമർശം - ശ്രീ എം.കെ മോഹനൻ നായർ, മറ്റത്തിൽ, അതിരമ്പുഴ സിറ്റിസൺ അദാലത്തിൽ നൽകിയ പരാതി.

**ഉത്തരവ് നമ്പർ - BPIDK30580000002/ LSGD/IVO3/IDK/-2024 തീയതി 24/02/2024**

കാന്തല്ലൂർ ഗ്രാമ പഞ്ചായത്തിൽ 7-ാം വാർഡിൽ പെർമിറ്റെടുത്ത് പണിപൂർത്തീകരിച്ചിട്ടുള്ള കെട്ടിടത്തിന് പാർക്കിംഗ് ഏരിയ കുറവാണെന്ന കാരണം പറഞ്ഞ് ഒക്കുപ്പെൻസി അനുവദിക്കുന്നില്ലെന്നു കാണിച്ച് ശ്രീ എം.കെ മോഹനൻ നായർ, മറ്റത്തിൽ, അതിരമ്പുഴ എന്ന ആൾ സിറ്റിസണ് അദാലത്ത് പോർട്ടൽ വഴി പരാതി നൽകിയിരുന്നു. ടി പരാതിയിൽ അപേക്ഷകന്റെ പുരയിടത്തിന്റെ അതിര് തൊട്ടടുത്ത പുരയിടത്തിന്റെ ഉടമ കൈയ്യേറിയതായും, ടി കൈയ്യേറ്റം ഒഴപ്പിച്ച് അതിരു പുനർ നിർണ്ണയിച്ചു നൽകുന്നതിനായി ദേവികുളം താലൂക്ക് സർവ്വേയർക്ക് അപേക്ഷ നൽകിയതിൻ പ്രകാരം താലൂക്ക് സർവ്വയർ അതിരു പുനർനിർണ്ണയം നടത്തി കൈയ്യേറിയിരുന്ന 2.5 സെൻറ് സ്ഥലം അളന്ന് കുറ്റിവെച്ച് നൽകുകയും ചെയ്തിട്ടുണ്ടെന്ന് പറയുന്നു. ടി 2.5 സെൻറ് സ്ഥലത്തിന്റെ രേഖകൾ സർവ്വേ ഓഫീസിൽനിന്നും ലഭിച്ചാൽ പാർക്കിംഗ് ഏരിയ സംബന്ധിച്ച കുറവുകൾ പരിഹരിക്കാൻ ആവുന്നതാണെന്നും പ്രതിപാദിക്കുന്നു.

## സെക്രട്ടറിയുടെ റിപ്പോർട്ട്

ടി കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനുള്ള അപേക്ഷയില് KPBR - 6(8), 29 എന്നിവ പ്രകാരമല്ല പാർക്കിംഗ് പ്ലാൻ സമർപ്പിച്ചിട്ടുള്ളത് എന്ന് അസിസ്റ്റൻറ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്യുകയും ആയതിന്റെ

അടിസ്ഥാനത്തിൽ ടി അപാകത പരിഹരിക്കുന്നതിനായി അപേക്ഷകൻ 11/07/2023 ലെ 400539/BABC06/GPO/2023/1480/(1) നമ്പർ കത്ത് പ്രകാരം അറിയിപ്പ് നൽകുകയും ചെയ്തതായി സെക്രട്ടറി റിപ്പോർട്ട് ചെയ്തു.

അദാലത്ത് സമിതി സ്ഥലപരിശോധന നടത്തിയപ്പോൾ ടി കെട്ടിടം പണിതിരിക്കുന്നതിന് പാർക്കിംഗ് ഏരിയ ഒഴിച്ച് മറ്റ് നിയമ ലംഘനങ്ങളൊന്നും കണ്ടെത്താൻ സാധിച്ചിട്ടുമില്ല. കൂടാതെ ടി കെട്ടിടത്തിന്റെ മുൻവശത്തു നിന്നുള്ള റോഡിൽനിന്നും നോക്കുമ്പോൾ ടി പ്ലോട്ടിന്റെ ഇടതുവശത്ത് അതിർത്തി 2.5 സെൻറ് സ്ഥലം താലൂക്ക് സർവ്വേയർ അളന്നു തിരിച്ച് കുറ്റിവച്ച് കയർകെട്ടി തിരിച്ചിട്ടുണ്ടെന്ന് കണ്ടു. ശ്രീ എം.കെ മോഹനൻ നായരിൽ നിന്നും അയൽവാസി കയ്യേറിയ 2.5 സെന്റ് സ്ഥലമാണ് സർവ്വെ ചെയ്ത് ഇത്തരത്തിൽ തിരിച്ചിട്ടിരിക്കുന്നത്.

## അദാലത്ത് സമിതി തീരുമാനം

അപേക്ഷകനായ ശ്രീ എം.കെ മോഹനൻ നായർ, മറ്റത്തിൽ, അതിരമ്പുഴ എന്നയാൾ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിന് പാർക്കിംഗ് ഏരിയായുടെ കുറവല്ലാതെ മറ്റ് നിയമ ലംഘനങ്ങളൊന്നും ഇല്ല എന്ന് സ്ഥലത്തുപോയി അന്വേഷിച്ച് ബോദ്ധ്യപ്പെട്ടതിനാലും, ടിയാൻറെ 2.5 സെന്റ് സ്ഥലം കൈയ്യേറിയത് അളന്നുതിരിച്ചതിൻറെ രേഖകള് ഹാജരാക്കി ടി സ്ഥലത്ത് കുറവുള്ള പാർക്കിംഗ് ഏരിയ പ്ലാന് ക്രമീകരിച്ചതുൾപ്പെടെയുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ടി കെട്ടിടത്തിന് ഒക്കുപെൻസി അനുവദിച്ച് നികുതി നിർണ്ണയിച്ചു നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o The District Joint Director
LSGD, Idukki.

അബ്ദുൾസമദ് പി.എം.
ഇന്റേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.